നമ്പർ: 236/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ**
**ആരൂഢനായിരിക്കുന്ന**

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും
# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമ്മുടെ മലങ്കര സഭയിലെ എല്ലാ ഇടവക പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

"മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച നടപടി ചട്ടങ്ങൾ" നമ്മുടെ മുൻഗാമി മോറാൻ മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ സഭാ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായ ഉപചട്ടമായി 1970 ഫെബ്രുവരി 1-നും തുടർന്ന് ആവശ്യമായ ഭേദഗതികളോടെ 1970 സെപ്റ്റംബർ 15-നും നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. ഇവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നമ്മുടെ മുൻഗാമി മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് 1989 ജൂൺ 1-ന് നടപ്പിൽ വരുത്തിയിരുന്നു. 1995 -ലെ സുപ്രീംകോടതി വിധിക്ക് ശേഷം നടപടിച്ചട്ടങ്ങളുടെ അനുബന്ധങ്ങളിൽ മാത്രം ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഈ നടപടിച്ചട്ടങ്ങളാണ് ഇന്നു നിലവിലിരിക്കുന്നത്. ഈ ചട്ടങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമാണ് എന്ന് നമുക്ക് ബോധ്യപ്പെട്ടതിനാൽ ആയതിന്റെ നക്കൽ തയ്യാറാക്കുന്നതിന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ആലോചനയോടെ സുന്നഹദോസിന്റെ ലീഗൽ കമ്മീഷനെ നാം ചുമതലപ്പെടുത്തി. ലീഗൽ കമ്മീഷൻ സമർപ്പിച്ച ഡ്രാഫ്റ്റ് 2016 ഓഗസ്റ്റ് മാസത്തിൽ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിലും 2016 സെപ്റ്റംബർ 10-ന് ചേർന്ന വർക്കിംഗ് കമ്മറ്റിയിലും സെപ്റ്റംബർ 13-ന് ചേർന്ന അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിലും സമർപ്പിച്ച്, അവരുടെ അഭിപ്രായങ്ങൾ സമാഹരിച്ച്, നാം അന്തിമ രൂപം നൽകി ഈ കൽപനമൂലം പ്രഖ്യാപിച്ച് നടപ്പിൽ വരുത്തിയിരിക്കുന്നു. ആയതിന്റെ ഒരു കോപ്പി നമ്മുടെ മുദ്ര വച്ച് ഇതോടൊന്നിച്ച് അയയ്ക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 സെപ്റ്റംബർ മാസം 30-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.